2701
7/2/20

File No.GAD.SC2/296/2017-GAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

അനുബന്ധം എച്ച് 4

നോട്ടീസ്

പൊതുഭരണ സെക്രട്ടറിയേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ സി ആർ ഷീജൻ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരം താങ്കൾക്കെതിരെ താത്കാലികമായി തീരുമാനിച്ചിട്ടുള്ള ശിക്ഷണ നടപടി സ്വീകരിക്കാതിരിക്കുവാൻ കരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയതു രേഖാമൂലം നൽകുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 05.10.2019 -ാം തീയതിയിലെ സർ.സി2/296/2017-ാം നമ്പർ പ്രകാരം 16.10.2019 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റിയോ എന്ന വിവരം ലഭ്യമല്ല. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് ലിഖിതമായ എതിർവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് സി അജയൻ, ജോയിന്റ് സെക്രട്ടറി,പൊതുഭരണ വകുപ്പ്,ഗവൺമെന്റ് സെക്രട്ടേറിയറ്റ് നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

സി അജയൻ
ജോയിന്റ് സെക്രട്ടറി
പൊതുഭരണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

ശ്രീ. ഷീജൻ സി ആർ

ചെരുവിൽ ഹൗസ്

വെൺമണി പി ഒ

ഇടുക്കി -685606